**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1564** **08-10-2021 - ല്‍ മറുപടിയ്ക്ക്**

**വിള ഇന്‍ഷ്വറന്‍സ് പദ്ധതിയുടെ ആനുകൂല്യം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ .പി. കെ. ബഷീര്‍ | | Shri. P. Prasad<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിള ഇന്‍ഷ്വറന്‍സ് പദ്ധതിയുടെ അനുകൂല്യം എത്ര കര്‍ഷകര്‍ക്ക് ലഭ്യമാണെന്ന് വെളിപ്പെടുത്തുമോ; | (എ) | സംസ്ഥാനത്ത് വിള ഇന്‍ഷ്വറന്‍സ് പദ്ധതിയുടെ ആനുകൂല്യം 2015-16 മുതല്‍ നാളിതുവരെ 143655 കര്‍ഷകര്‍ക്ക് ലഭ്യമാക്കിയിട്ടുണ്ട്. |
| (ബി) | പൊക്കാളി നെല്‍കര്‍ഷകര്‍ക്ക് വിള ഇന്‍ഷ്വറന്‍സ് പദ്ധതിയുടെ അനുകൂല്യത്തിന് അര്‍ഹതയുണ്ടോ; ഇതു സംബന്ധിച്ച് നെല്‍കര്‍ഷകരില്‍ ബോധവല്‍ക്കരണം നടത്തി വരുന്നുണ്ടോ; വിശദമാക്കാമോ; | (ബി) | പൊക്കാളി നെല്‍കര്‍ഷകര്‍ക്ക് സംസ്ഥാന വിള ഇന്‍ഷ്വറന്‍സ് പദ്ധതിയുടെ ആനുകൂല്യത്തിന് അര്‍ഹതയുണ്ട്. ഞാറ് നട്ട് അല്ലെങ്കില്‍ വിത്ത് വിതച്ച് 15 ദിവസംകഴിഞ്ഞ് 45 ദിവസം വരെ പ്രായമായ നെല്ലിന് 25 സെന്റിന്, 25 രൂപ (സെന്റിന് ഒരു രൂപ ) നിരക്കില്‍ പ്രീമിയം ഒടുക്കി അംഗമാകുന്ന എല്ലാ നെല്‍കര്‍ഷകര്‍ക്കും സംസ്ഥാന വിള ഇന്‍ഷ്വറന്‍സ് പദ്ധതിയുടെ ആനുകൂല്യത്തിന് അര്‍ഹതയുണ്ട്. ഇത് സംബന്ധിച്ച് കൃഷിഭവന്‍തലത്തില്‍ ബോധവല്‍ക്കരണ പരിപാടികള്‍ നടത്തുന്നുണ്ട്. ഇക്കൊല്ലവും 2021 ജൂലൈ മാസം 1-ാം തീയതി വിള ഇന്‍ഷ്വറന്‍സ് ദിനാചരണം നടത്തുകയും തുടര്‍ന്നുള്ള 2ആഴ്ചക്കാലം വിള ഇന്‍ഷ്വറന്‍സ് പക്ഷാചരണം നടത്തുകയും ചെയ്തിട്ടുണ്ട്. ഇതിനോടനുബന്ധിച്ച് കര്‍ഷകര്‍ക്ക് ഓണ്‍ലൈന്‍ പരിശീലന പരിപാടികളും പൊതുജനങ്ങള്‍ക്കിടയില്‍ ബോധവല്‍ക്കരണത്തിന്റെ ഭാഗമായി സോഷ്യല്‍ മീഡിയ, ദൃശ്യമാധ്യമങ്ങള്‍ എന്നിവയിലൂടെ പദ്ധതി വിശദാംശങ്ങളുടെ പ്രചാരണം നടത്തിയിട്ടുണ്ട്. കൂടാതെ ഫാം ഇന്‍ഫര്‍മേഷന്‍ ബ്യൂറോ മുഖേന വിള ഇന്‍ഷ്വറന്‍സ് സംബന്ധിച്ച ബുക്ക്‌ലെറ്റ്, ലീഫ്‌ലെറ്റ് എന്നിവ തയ്യാറാക്കി വിതരണം നടത്തുകയും ചെയ്തു. |
| (സി) | മലപ്പുറം ജില്ലയിലെ ഏറനാട് മണ്ഡലത്തില്‍ വിള ഇന്‍ഷുറന്‍സിന് അര്‍ഹരായ കര്‍ഷകര്‍ക്ക് 2018, 2019, 2020 വര്‍ഷങ്ങളില്‍ ലഭിക്കേണ്ട കുടിശ്ശിക തുക എത്രയെന്നും ആയത് എപ്പോള്‍ വിതരണം ചെയ്യാന്‍ കഴിയുമെന്നും വ്യക്തമാക്കുമോ? | (സി) | മലപ്പുറം ജില്ലയിലെ ഏറനാട് മണ്ഡലത്തില്‍ 2018-19, 2019-20 വര്‍ഷങ്ങളില്‍ കര്‍ഷകര്‍ക്ക് ഇന്‍ഷ്വറന്‍സ് ഇനത്തില്‍ ലഭിക്കേണ്ട മുഴുവന്‍ തുകയും നല്‍കിയിട്ടുണ്ട്. 2020-21 വര്‍ഷത്തിലെ കുടിശ്ശിക തുകയായ 54.19 ലക്ഷം രൂപ വിതരണം ചെയ്യാനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ